Reg. No.: ..............................

Name : ..................................

**K24U 3581**

**III Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/ Supplementary/Improvement) Examination, November 2024**
**(2019 to 2023 Admissions)**
**ADDITIONAL COMMON COURSE IN MALAYALAM**
**3A09 MAL : ഗദ്യസാഹിത്യം**

Time : 3 Hours | Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) നാലപ്പാട്, അമ്പാഴത്തേൽ തറവാടുകളിലെ സ്ത്രീകളുടെ ജീവിതം ചിത്രീകരിക്കുന്നതിലൂടെ അക്കാലത്തെ നായർ സ്ത്രീകളുടെ സാമൂഹിക പദവിയെക്കുറിച്ചും നാലുകെട്ടുകളിൽ അവരനുഭവിച്ചിരുന്ന നിശ്ശബ്ദമായ വേദനകളെക്കുറിച്ചും കൂടിയാണ് മാധവിക്കുട്ടി ചിത്രീകരിക്കുന്നത്. – 'നീർമാതളം പൂത്തകാലം' എന്ന ആത്മകഥയിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശദമാക്കുക.

2) കുമാരനാശാൻ ഒരു കവി മാത്രമായിരുന്നില്ല സമുദായസമുദ്ധാരകനായ സാമൂഹിക പ്രവർത്തകൻകൂടി ആയിരുന്നു – എം. കെ. സാനു അവതരിപ്പിക്കുന്ന ആശാൻ ജീവചരിത്രത്തെ ആസ്പദമാക്കി വിശദമാക്കുക.

3) ക്ലിയോപാട്രയുടെ നഗരത്തിൽ എസ്. കെ. പൊറ്റക്കാട് കണ്ട കാഴ്ചകൾ വിവരിക്കുക.

4) രാജലക്ഷ്മി എന്ന കഥാകാരിയുടെ സ്ത്രീയനുഭവങ്ങളുടെ ലോകത്തെ പി. ഗീത വരച്ചിടുന്നതെങ്ങനെ ?

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) ഒന്നാം ലോകമഹായുദ്ധകാലം കേരളത്തിന്റെ ഗ്രാമജീവിതത്തെ സ്വാധീനിച്ചത് എങ്ങനെയെല്ലാം ? 'കൊഴിഞ്ഞ ഇലകൾ' എന്ന ആത്മകഥയിലെ അനുഭവങ്ങളെ മുൻനിർത്തി വിവരിക്കുക.

6) "കറുത്തവരെ അടിച്ച് വേദനിപ്പിക്കാൻ വെളുത്തവർക്ക് യാതൊരു സങ്കോചവുമില്ലെന്ന് ആ കാലം മുതൽക്കേ എനിക്ക് മനസ്സിലായി" – മാധവിക്കുട്ടിക്ക് ഈ തിരിച്ചറിവുണ്ടാക്കിയ സംഭവം എന്ത് ?

P.T.O.

7) 'പിറക്കാത്ത മകന് ' എന്ന കവിത രചിക്കാനിടയായ അനുഭവത്തെക്കുറിച്ച് ബാലചന്ദ്രൻ ചുള്ളിക്കാട് സാക്ഷ്യപ്പെടുത്തുന്ന സംഭവമെന്ത് ?

8) ശാന്തിനികേതൻ ആശ്രമത്തിലെ കാഴ്ചകൾ സി. വി. ബാലകൃഷ്ണൻ ഓർത്തെടുക്കുന്നതെങ്ങനെ ?

9) ജീവചരിത്രസാഹിത്യത്തിൽ മലയാളത്തിൽ ഉണ്ടായ പുതിയ പ്രവണതകളെന്തെല്ലാം ?

10) 'മേഘാ ധാക്കാ താര' എന്ന സിനിമയിൽ ഋതിക് ഘട്ടക് എന്ന ചലച്ചിത്ര പ്രതിഭയുടെ ജീവിതം കടന്നുവരുന്നതെങ്ങനെ ?

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(4×2=8)**

11) "കടവിൽ കേവഞ്ചി നീങ്ങിയിട്ടും എനിക്കവിടെനിന്ന് കയറാൻ കഴിഞ്ഞില്ല." മുണ്ടശ്ശേരിയുടെ കണ്ണീരണിയിച്ച ആ ബാല്യകാല സംഭവം ഏത് ?

12) അലക്സാന്ദ്രിയയുടെ പൂർവ്വകാല ചരിത്രം ചുരുക്കി വിവരിക്കുക.

13) മലയാളത്തിലെ ആത്മകഥാ സാഹിത്യത്തെ കുറിച്ച് ഒരു കുറിപ്പെഴുതുക.

14) കുമാരനാശാൻ ചെയ്ത പ്രസംഗങ്ങളുടെ പ്രത്യേകതളെക്കുറിച്ച് എം. കെ. സാനു വിവരിക്കുന്നതെന്തെല്ലാം ?

15) അടിയാറു ടീച്ചറുടെ ബാല്യകലാനുഭവങ്ങൾ വിവരിക്കുക.

16) രാംകിങ്കർ എന്ന കലാകാരനെ സി. വി. ബാലകൃഷ്ണൻ പരിചയപ്പെടുത്തുന്നതെങ്ങനെ ?

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പ് തയ്യാറാക്കുക (**ഒന്നര** മാർക്ക് വീതം).
**(4×1½=6)**

17) കാറ്റാ കുംബ്സ്

18) സത്യജിത് റായ്

19) കേട്ടെഴുത്ത് ജീവിതചിത്രണം

20) പെണ്ണെഴുത്ത്

21) സഞ്ചാരസാഹിത്യം

22) ഡോ. പൽപ്പു.

Don Bosco Arts and Science College
Angadikadavu, Kannur
Library
lib.donbosco2c.in
KANNUR UNIVERSITY